**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**നഗരാസൂത്രകയുടെ നടപടിക്രമങ്ങൾ**

വിഷയം:- പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ പള്ളിച്ചൽ വില്ലേജിൽ ഗ്രൂപ്പ് B ഒക്യുപ്പൻസിയിൽ ഉൾപ്പെടുന്ന സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.06.2020 ലെ എ 3/4929/2020 നമ്പർ കത്ത്

**<u>ഉത്തരവ് നമ്പർ TCPTVM/1075/2020-D തീയതി 04/01/2021</u>**

പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ പള്ളിച്ചൽ വില്ലേജിൽ റീ സർവ്വേ നമ്പർ 521/1, 521/2, 521/3, 526/15-1, 526/15-2, 526/15, 526/16, 526/17 ൽ ഉൾപ്പെടുന്ന 148.19 ആർ സ്ഥലത്ത് നിലവിലുള്ള 5,759.21 ച.മീ വിസ്തൃതിയുള്ള കെട്ടിടത്തോട് ചേർന്ന് 966.53 sq.m വിസ്തൃതിയിൽ ഗ്രൂപ്പ് B ഒക്യുപ്പൻസിയിൽ ഉൾപ്പെടുന്ന സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ലേ ഔട്ട് അംഗീകാരത്തിനായി Bishop Thomas Naichamparambil (Thomas Mar Eusebiur), Syro malankara catholic church സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന നിബന്ധനകൾക്കു വിധേയമായി ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു

**<u>നിബന്ധനകൾ</u>**

1. നിർമ്മാണം KPBR 2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം
2. നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ , ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തണം.
3. നിർമ്മാണ സ്ഥലത്ത് നിലം , പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
4. നിർമ്മാണം KPBR 2019 ചട്ടം 79 നനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം In-situ liquid waste management treatment plant, special provisions for recycling and reusing of waste water generated എന്നിവ നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
5. നിർദ്ദിഷ്ട ലേ -ഔട്ടിൽ ഡ്രൈനേജിനുള്ള സൗകര്യം നൽകിയിരിക്കണം. പ്രസ്തുത ലേ-ഔട്ടിൽ നിന്നുള്ള ഡ്രൈനേജ് (മഴവെള്ളം/വേസ്റ്റ് വാട്ടർ) പരിസര വാസികൾക്ക് ദോഷമുണ്ടാക്കരുത്.
6. Pollution control board, Fire തുടങ്ങിയ ഏജൻസികളിൽ നിന്ന് ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
7. KPBR 2019 ചട്ടം 26(8) പ്രകാരം തുറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.

8. KPBR 2019 ചട്ടം 28 പ്രകാരം പ്രസ്തുത നിർമാണത്തിലേക്കു 6 മീറ്റർ വീതിയുള്ള വഴി പ്ലോട്ടിനുള്ളിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
9. Rule 76(3) പ്രകാരമുള്ള Urban forestry-നിബന്ധനകൾ പാലിക്കേണ്ടതാണ്.
10. പ്ലാനിൽ രേഖപ്പെടുത്തിയ പ്രകാരം ചട്ടപ്രകാരമുള്ള പാർക്കിങ് ലഭ്യമാണെന്നും പാർക്കിങ്ങിനായി നീക്കി വച്ച സ്ഥലം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ല എന്നും പാർക്കിങ് ഏരിയയിലേക്ക് സുഗമമായ വഴി ലഭ്യമാണെന്നും ഉറപ്പു വരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**02/2021 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

Signature Not Verified
Digitally signed by Jayasree V K
Date: 2021.01.04 16:27:27 IST
Reason: Approved

**JAYASREE.V.K**
**TOWN PLANNER**

ഉള്ളടക്കം: പ്ലാൻ ഒരു സെറ്റ്

സെക്രട്ടറി,
പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്

പകർപ്പ്: (അറിവിലേയ്ക്കായി)
Bishop Thomas Naichamparambil (Thomas Mar Eusebiur),
Syro malankara catholic church
Ayira p.o.
Parassala 695502